## മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നടപടി ഉത്തരവ്
## ഹാജർ : രവി കുമാർ മീണ ഐ. എഫ്. എസ്. (പെൻ:862001)

വിഷയം: ജീവനക്കാര്യം-അച്ചടക്ക നടപടി - ശ്രീ. സി.വി.രാജു അനധികൃതമായി ഡ്യൂട്ടിക്ക് ഹാജരാകാതിരിക്കുന്നത് - സംബന്ധിച്ച്.

സൂചന: ഈ ഓഫീസിലെ 03.09.2013-ലെ ഇ1-1707/2003 നമ്പർ കുറ്റപത്രവും, കുറ്റാരോപണ പത്രികയും.

**ഉത്തരവ് നമ്പർ ഇ1–1707/2003 തീയതി 11/01/2023**

മലയാറ്റൂർ ഡിവിഷന്റെ കീഴിലുള്ള തുണ്ടത്തിൽ റെയിഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി ചെയ്തുവരവെ ശ്രീ. സി.വി.രാജു, ചക്കരക്കാട് വീട്, പെരുമ്പിള്ളി, ഞാറയ്ക്കൽ പി.ഒ., എറണാകുളം ജില്ല എന്നയാൾക്ക് വിദേശത്ത് ജോലി സ്വീകരിക്കുന്നതിനായി 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. മേൽ ശൂന്യവേതനാവധിക്ക് തുടർച്ചയായി 5 വർഷത്തേക്ക് കൂടി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. ടി അവധി 05.05.2013-ന് അവസാനിച്ചുവെങ്കിലും നാളിതു വരെയായിട്ടും ടിയാൻ ജോലിക്ക് ഹാജരാകാതെ അനധികൃതമായി ഡ്യൂട്ടിയിൽ നിന്ന് വിട്ടുനിൽക്കുകയാണ്.

ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി സൂചന പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിരുന്നു. അച്ചടക്കനടപടിയുടെ ഭാഗമായി 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 (2) പ്രകാരമുള്ള ഒരു ഔപചാരിക അന്വേഷണം നടത്തിയിരുന്നു. ജീവനക്കാരൻ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന 06.05.2013 പ്രാബല്യത്തിൽ ജീവനക്കാരനെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിക്കുകയും ആയതിനെതിരെ ജീവനക്കാരന് എന്തെങ്കിലും കാരണം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് സമർപ്പിക്കുന്നതിനായി ജീവനക്കാരന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസ് നടപ്പിലാക്കുന്നതിനായി ശ്രീ. സി.വി. രാജുവിൻെറ മേൽ വിലാസത്തിൽ എത്തി

അന്വേഷിച്ചതിൽ ടി മേൽ വിലാസത്തിൽ ടിയാൻെറ സഹോദരി ശ്രീമതി. മിനി ബർളി ആണ് താമസിക്കുന്നതെന്നും ശ്രീ. സി. വി. രാജു വർഷങ്ങളായി വിദേശത്ത് ജോലി ചെയ്യുകയാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഈ അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട് ജീവനക്കാരൻെറ ഭാഗത്ത് നിന്ന് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ അായത് ഈ നോട്ടീസ് വരസ്യപ്പെടുത്തി 15 ദിവസത്തിനുള്ളിൽ ബോധിപ്പിക്കണമെന്നും അല്ലാത്തപക്ഷം ടിയാന് ഒന്നും തന്നെ ബോധിപ്പിക്കുവാനില്ലായെന്ന നിഗമനത്തിൽ ടിയാൻ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന 06.05.2013 പ്രാബല്യത്തിൽ ജീവനക്കാരനെ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് മേൽ അച്ചടക്ക നടപടി തീർപ്പാക്കി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന് മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായി രവി കുമാർ മീണ ഐ.എഫ്.എസ് എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു.

ശിക്ഷണാധികാരി &
ഡിവിഷണൽ ഫോറസ്റ്റാഫീസർ
മലയാറ്റൂർ

OFFICE OF THE DIVISIONAL FOREST OFFICER
MALAYATTOOR DIVISION
KODANAD P.O.